REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 21-07-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **പാർലമെന്റ് വർഷകാല സമ്മേളനത്തിന് തുടക്കമായി. ആദ്യദിവസം തന്നെ പ്രതിപക്ഷ ബഹളത്തെത്തുടർന്ന് ലോകസഭ ഉച്ചയ്ക്ക് 2 വരെയും രാജ്യസഭ 12 വരെയും നിർത്തിവെച്ചു.**
- **വിജയത്തിന്റെ ആഘോഷമാണ് ഇത്തവണത്തെ പാർലമെന്റ് സമ്മേളനമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഓപ്പറേഷൻ സിന്ദൂറിൽ സൈന്യം നൂറുശതമാനവും വിജയിച്ചതായും പ്രധാനമന്ത്രി.**
- **രാജ്യസഭാംഗമായി കേരളത്തിൽ നിന്നും C സദാനന്ദൻ മാസ്റ്റർ സത്യപ്രതിജ്ഞ ചെയ്തു.**
- **സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും വിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥർ ഈ മാസം തന്നെ സുരക്ഷാ ഓഡിറ്റിംഗ് നടത്തുമെന്ന് മന്ത്രി V ശിവൻകുട്ടി.**
- **സ്കൂളുകളിൽ ഒന്നാം പാദവാർഷിക പരീക്ഷ ആഗസ്റ്റ് 19 മുതൽ 29 വരെ നടത്തും.**
- **സംസ്ഥാനത്ത് മഴ തുടരുന്നു,കാസർക്കോട് മുതൽ എറണാകുളം വരെ ഒൻപത് ജില്ലകളിൽ മഞ്ഞ ജാഗ്രത**

## വാർത്തകൾ വിശദമായി

പാർലമെന്റ് വർഷകാല സമ്മേളനത്തിന് തുടക്കമായി. ആദ്യദിവസം തന്നെ പ്രതിപക്ഷ ബഹളത്തെത്തുടർന്ന് ലോകസഭ ഉച്ചയ്ക്ക് 2 വരെയും രാജ്യസഭ 12 വരെയും നിർത്തിവെച്ചു. നേരത്തെ സഭ ചേർന്നയുടൻ കഴിഞ്ഞ

സമ്മേളനകാലത്തിന് ശേഷം മരിച്ച എട്ട് അംഗങ്ങൾക്ക് ആദരാഞ്ജലി അർപ്പിച്ചു. പഹൽഗാം ഭീകരാക്രമണത്തിലും എയർ ഇന്ത്യാ വിമാന ദുരന്തത്തിലും മരിച്ചവർക്കും ലോക്സഭ ശ്രദ്ധാഞ്ജലി അർപ്പിച്ചു. വിവിധ സംസ്ഥാനങ്ങളിൽ പ്രകൃതി ദുരന്തത്തിൽ മരിച്ചവർക്കും സഭ ആദരാഞ്ജലി അർപ്പിച്ചു.

അന്താരാഷ്ട്ര നിലയത്തിലെ താമസത്തിന് ശേഷം മടങ്ങിയെത്തിയ ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാംശു ശുക്ലയെ ലോക്സഭ അഭിനന്ദിച്ചു.

✪✪✪

വിജയത്തിന്റെ ആഘോഷമാണ് ഇത്തവണത്തെ പാർലമെന്റ് സമ്മേളനമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. സിന്ദൂർ ലക്ഷ്യത്തിൽ സൈന്യം നൂറുശതമാനവും വിജയിച്ചു. ഭീകരാക്രമണത്തിന് പിന്നിൽ പ്രവർത്തിച്ചവർ 22 മിനിട്ടുകൊണ്ട് നാമാവശേഷമായെന്നും നരേന്ദ്രമോദി പറഞ്ഞു. വർഷകാല സമ്മേളനത്തിന് മുമ്പ് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഡെസ്ക് റിപ്പോർട്ട്

........വോയ്സ്.......

ഇന്ത്യൻ സൈന്യത്തിന്റെ ശക്തിക്ക് ഓപ്പറേഷൻ സിന്ദൂർ വിജയത്തിലൂടെ ലോകം മുഴുവൻ സാക്ഷികളായെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. അതിർത്തിക്കപ്പുറത്തെ ഭീകരത്താവളങ്ങൾ തകർക്കാനും തീവ്രവാദ ശക്തികളെ ഉന്മൂലനം ചെയ്യാനും സിന്ദൂർ ദൗത്യത്തിലൂടെ കഴിഞ്ഞുവെന്നും പ്രധാനമന്ത്രി മാധ്യമങ്ങളോട് പറഞ്ഞു.

മാവോയിസവും നക്സലിസവും വേരോടെ പിഴുതെറിയാൻ കേന്ദ്രം ഉറച്ച തീരുമാനമെടുത്തിരിക്കുകയാണ്. ഈ ദൗത്യത്തിൽ സേന അതിവേഗം ലക്ഷ്യത്തിലേക്ക് എത്തിക്കൊണ്ടിരിക്കുക യാണെന്നും പ്രധാനമന്ത്രി അറിയിച്ചു. നൂറ് കണക്കിന് നക്സൽ ബാധിത ജില്ലകൾ ഇപ്പോൾ പ്രശ്നരഹിതമാണ്. സംഘർഷത്തിനും ഭീകരവാദത്തിനും മുകളിൽ ഭരണഘടന വിജയം നേടിക്കഴിഞ്ഞു.

സഭാ നടപടികളിൽ പാർട്ടി താൽപര്യങ്ങൾക്കുപരി ദേശീയ താൽപര്യത്തിന് പ്രാധാന്യം നൽകി പാർലമെന്റ് സമ്മേളനം സുഗമമാക്കണമെന്ന് അദ്ദേഹം എം പിമാരോട് അഭ്യർത്ഥിച്ചു. 2014ൽ ലോകത്തെ പത്താം സാമ്പത്തിക ശക്തിയെന്ന സ്ഥാനത്തുനിന്ന് ഇന്ത്യ അതിവേഗം മൂന്നാം സ്ഥാനത്തിലേക്ക് എത്തിക്കൊണ്ടിരിക്കുകയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

പാർമെന്റ് സമ്മേളനത്തിന്റെ സുഗമമായ പ്രവർത്തനത്തിന് എല്ലാ അംഗങ്ങളും സഹകരിക്കണമെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള അഭ്യർത്ഥിച്ചു. എല്ലാവരേയും ഉൾക്കൊള്ളുന്ന വികസനം, നീതി, ദേശീയ താൽപര്യം എന്നിവ മുന്നോട്ട്കൊണ്ടുപോകുന്നതിൽ സഭയുടെ പ്രധാനപങ്ക് എല്ലാവരും മനസ്സിലാക്കണമെന്ന് സ്പീക്കർ ആവശ്യപ്പെട്ടു. ഓഗസ്റ്റ് 21 വരെ നീണ്ടു നിൽക്കുന്ന സമ്മേളനത്തിൽ എല്ലാ രാഷട്രീയ പാർട്ടികളും അംഗങ്ങളും സൃഷ്ടിപരമായ ചർച്ചകളിൽ ഏർപ്പെടാനും ആരോഗ്യകകരമായ ജനാധിപത്യ സംഭാഷണങ്ങൾ  ഉറപ്പുവരുത്താനും ശ്രമിക്കണമെന്ന് ലോക്സഭാ സ്പീക്കർ ആവശ്യപ്പെട്ടു.

✪✪✪

രാജ്യസഭാംഗമായി BJP-യിലെ C സദാനന്ദൻ മാസ്റ്റർ സത്യപ്രതിജ്ഞ ചെയ്തു. മലയാളത്തിൽ ദൈവനാമത്തിലായിരുന്നു സത്യപ്രതിജ്ഞ.

ഇന്ന് വൈകിട്ട് ന്യൂഡൽഹി കോൺസ്റ്റിറ്റ്യൂഷൻ ക്ലബ്ബിൽ ഡൽഹി മലയാളി പൗരാവലി സദാനന്ദൻ മാസ്റ്റർക്ക് സ്വീകരണം ഒരുക്കിയിട്ടുണ്ട്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ UK, മാൽദീവ്സ് സന്ദർശനത്തിന് മറ്റന്നാൾ തുടക്കമാകും. സന്ദർശനത്തിനിടെ  അദ്ദേഹം UK പ്രധാനമന്ത്രി കെയർ സ്റ്റാർമറുമായി  ഉഭയകക്ഷി ചർച്ചകൾ നടത്തും.

ഈ മാസം 25ന്  മാൽദീവ്സിലെത്തുന്ന പ്രധാനമന്ത്രി, പ്രസിഡന്റ് മുഹമ്മദ് മുയിസുവുമായി കൂടിക്കാഴ്ച നടത്തും.

✪✪✪

യൂണിഫൈഡ്  പേയ്മെന്റ് ഇന്റർഫേസ്, UPI യുടെ സഹായത്തോടെ  ഇന്ത്യ അതിവേഗ  പണമിടപാടുകളിൽ മുന്നിട്ട് നിൽക്കുകയാണെന്ന് അന്താരാഷ്ട്ര നാണയ നിധി റിപ്പോർട്ടിൽ പറയുന്നു. ജൂണിൽ 24 ലക്ഷം കോടിയിലേറെ രൂപയുടെ ഇടപാടുകൾ ഉണ്ടായി. കഴിഞ്ഞ വർഷത്തെ  അപേക്ഷിച്ച് 32 ശതമാനം വർധനയാണ് ഇത് കാണിക്കുന്നത്.

IMF ന്റെ റിപ്പോർട്ടു പ്രകാരം  പ്രതിമാസം 18 ബില്യണിലധികം ഇടപാടുകളാണ് UPI വഴി രാജ്യത്ത് നടക്കുന്നത്.

✪✪✪

ആണവ ചർച്ചകൾക്കായി ബ്രിട്ടൻ, ഫ്രാൻസ്, ജർമ്മനി എന്നീ രാജ്യങ്ങളുമായി ഇറാൻ തത്വത്തിൽ ധാരണയിലെത്തിയതായി റിപ്പോർട്ടുകൾ പറയുന്നു. വെള്ളിയാഴ്ച ഉപ വിദേശകാര്യ മന്ത്രിതലത്തിൽ ചർച്ചകൾ നടക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് ഇറാൻ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

✪✪✪

വിതുര താലൂക്ക് ആശുപത്രിയിൽ ആംബുലൻസ് തടഞ്ഞതിനെ തുടർന്ന് രോഗി മരിച്ച സംഭവം അങ്ങേയറ്റം അപലപനീയമാണെന്ന് മന്ത്രി വീണാജോർജ്ജ് ഫേസ്ബുക്ക് പോസ്റ്റിൽ കുറിച്ചു. കുറ്റക്കാർക്കെതിരെ കർശന നടപടിയെടുക്കും. ഏതെങ്കിലും രാഷ്ട്രീയ പാർട്ടിക്കോ സംഘടനയ്ക്കോ ചേർന്ന പ്രവർത്തനമല്ല ആശുപത്രിയിലുണ്ടായതെന്നും അവർ പറഞ്ഞു.

✪✪✪

സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും  വിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥർ ഈ മാസം 25 മുതൽ 31 വരെ സുരക്ഷാ ഓഡിറ്റിംഗ് നടത്തുമെന്ന് മന്ത്രി V ശിവൻകുട്ടി അറിയിച്ചു.  ഇതിന്റെ സമയബന്ധിത പരിപാടികൾക്ക് രൂപം നൽകാൻ നാളെ രാവിലെ പൊതുവിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗം തിരുവനന്തപുരത്ത് ശിക്ഷക് സദനിൽ ചേരുമെന്ന് മന്ത്രി പാലക്കാട്ട് വാർത്താസമ്മേളനത്തിൽ പറഞ്ഞു.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

......വോയ്സ്......

സ്കൂൾ സുരക്ഷാ ഓഡിറ്റിംഗിൽ ഒരു ജില്ലയിൽ ഏഴ് ഉദ്യോഗസ്ഥർ അടങ്ങിയ സംഘമായിരിക്കും പരിശോധന നടത്തുക. ഇവരെ നിരീക്ഷിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പിലെ വിജിലൻസ് ടീമിനെ ചുമതലപ്പെടുത്തുമെന്നും ശിവൻകുട്ടി അറിയിച്ചു.  പരിശോധനാ സംഘങ്ങളുടെ റിപ്പോർട്ട് ഓഗസ്റ്റ് 12ന് രാവിലെ സമർപ്പിക്കണമെന്നും മന്ത്രി നിർദേശിച്ചു. സംസ്ഥാന സേഫ്റ്റി ഓഡിറ്റിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധിക്കും .

സംസ്ഥാനത്തെ സ്കൂളുകളിൽ ഒന്നാം പാദവാർഷിക പരീക്ഷ ആഗസ്റ്റ് 19 മുതൽ 29 വരെ നടത്തും. ഈ വർഷം 5 മുതൽ 9 വരെ ക്ലാസ്സുകളിൽ എഴുത്തുപരീക്ഷയിൽ സബ്ജക്ട് മിനിമം നടപ്പാക്കുമെന്നും മന്ത്രി അറിയിച്ചു.

സ്കൂൾ സമയമാറ്റത്തെ പറ്റി മാനേജ്മെന്റ് പ്രതിനിധികളുമായി ബുധനാഴ്ച ഉച്ചയ്ക്ക് ശേഷം തിരുവനന്തപുരത്ത് ചർച്ച നടത്തും. നിലവിലെ സമയക്രമം സംബന്ധിച്ച് തീരുമാനം എടുക്കാനുണ്ടായ സാഹചര്യം യോഗത്തിൽ വിശദീകരിക്കുമെന്നും ശിവൻകുട്ടി പറഞ്ഞു. ഇക്കാര്യത്തിൽ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കും.

ആലപ്പുഴ കാർത്തികപ്പള്ളി ഗവണ്മെന്റ് യു.പി. സ്കൂൾ കെട്ടിടത്തിന്റെ ഒരു ഭാഗം തകർന്ന സംഭവത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. സ്കൂളിന്റെ മുൻഭാഗത്തെ ഉപയോഗിക്കാത്ത കെട്ടിടത്തിന്റെ മേൽക്കൂരയാണ് തകർന്നത്. സ്കൂൾ വളപ്പിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് ഒരു കോടി രൂപയോളം ചെലവിൽ നിർമ്മിച്ച കെട്ടിടത്തിൽ നാളെത്തന്നെ ക്ലാസുകൾ ആരംഭിക്കാൻ നിർദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാനത്തെ സ്കൂളുകളിൽ കുടുംബ്രശീയുടെ നേതൃത്വത്തിൽ 'മാ കെയർ സ്റ്റോറുകൾ' നാളെ തുടങ്ങും. വിദ്യാർഥികൾക്ക് ആരോഗ്യകരവും പോഷക സമ്പുഷ്ടവുമായ ലഘു ഭക്ഷണം, പാനീയങ്ങൾ, സ്കൂൾ സ്റ്റേഷനറി സാധനങ്ങൾ, സാനിറ്ററി നാപ്കിനുകൾ എന്നിവ സ്റ്റോറിലുടെ വിതരണം ചെയ്യും.

നാളെ വൈകിട്ട് കരമന ഗവ. ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ മന്ത്രി MB രാജേഷ് ഉദ്ഘാടനം ചെയ്യും.

✪✪✪

സംസ്ഥാനത്ത് കാലവർഷം ശക്തമായി തുടരുന്നു. ഇന്ന് കാസർകോഡ് മുതൽ എറണാകുളം വരെ ഒൻപത് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത നൽകി. മറ്റു ജില്ലകളിൽ പ്രത്യേക മുന്നറിയിപ്പുകളില്ല.

കേരള, ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെയും ചിലയവസരങ്ങളിൽ 60 കിലോമീറ്റർ വരെയും വേഗത്തിൽ കാറ്റിന് സാധ്യതയുണ്ട്. ഈ ദിവസങ്ങളിൽ മീൻപിടുത്തക്കാർ കടലിൽ പോകരുതെന്ന് കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

✪✪✪

ജോർജിയയിലെ ബാറ്റുമിയിൽ വനിതാ ഫിഡെ ചെസ്സ് ലോകകപ്പിൽ വൈകിട്ട് ക്വാർട്ടർ ഫൈനലിൽ ഇന്ത്യയുടെ ദിവ്യ ദേശ്മുഖും ഹരിക ദ്രോണവല്ലിയും മത്സരിക്കും. ഇന്നലെ കൊനേരു ഹംപി സെമി ഫൈനലിൽ എത്തി ചരിത്രം സൃഷ്ടിച്ചിരുന്നു.

✪✪✪

2027, 2029, 2031 വർഷങ്ങളിലെ ലോക ടെസ്റ്റ് ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ്ഫൈനലുകൾ ഇംഗ്ലണ്ടിൽ നടത്തുമെന്ന് അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിൽ അറിയിച്ചു. സിംഗപ്പൂരിൽ ഇന്നലെ ചേർന്ന കൗൺസിലിന്റെ വാർഷിക സമ്മേളനത്തിലാണ് ഇക്കാര്യം അറിയിച്ചത്.

✪✪✪

കേരളത്തിൽ കഴിഞ്ഞ ഒൻപതുവർഷത്തിനിടെ നാലര ലക്ഷത്തിലേറെ പട്ടയങ്ങൾ വിതരണം ചെയ്യാനായെന്ന് മന്ത്രി K.രാജൻ പറഞ്ഞു. പത്തനംതിട്ട ജില്ലാതല പട്ടയമേള ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

തെരഞ്ഞെടുപ്പ് കമ്മീഷൻ CPIMന് വേണ്ടി പ്രവർത്തിക്കുകയാണെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ കണ്ണൂരിൽ ആരോപിച്ചു. വോട്ടർപട്ടികയിൽ കൃത്രിമമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

വിതുരയിൽ യൂത്ത് കോൺഗ്രസ്സ് ആംബുലൻസ് തടഞ്ഞതു മൂലം രോഗി മരിച്ചെന്ന വാർത്ത ബന്ധുക്കൾ തന്നെ തള്ളിയതായി VD സതീശൻ പറഞ്ഞു.

✪✪✪

പേരാമ്പ്രയിൽ ഇന്നും യുവജന സംഘടനകൾ ബസ് തടഞ്ഞ് പ്രതിഷേധിച്ചു. സ്കൂട്ടറിൽ യാത്ര ചെയ്ത വിദ്യാർഥി ബസിടിച്ച് മരിച്ച സംഭവത്തെ തുടർന്നാണ് യുവജന സംഘടന പ്രവർത്തകർ ജോയിന്റ് RTO ഓഫീസിലേക്ക് പ്രതിഷേധമാർച്ച് സംഘടിപ്പിച്ചത്. മാർച്ചിനെത്തിയ SFI, യൂത്ത് ലീഗ് പ്രവർത്തകർ തമ്മിലുണ്ടായ തർക്കവും നേരിയ തോതിൽ സംഘർഷത്തിനിടയാക്കി.

✪✪✪

കാസർഗോഡ് പാണത്തൂർ മഞ്ഞടുക്കം പുഴയിൽ കാണാതായ കർണാടക സ്വദേശിയുടെ മൃതദേഹം വട്ടക്കുണ്ട് പുഴയിൽ നിന്ന് രാവിലെ കണ്ടെത്തി. പ്ലാന്റേഷൻ കോർപ്പറേഷൻ കശുമാവിൻ തോട്ടത്തിൽ എസ്കവേറ്റർ ഡ്രൈവറുടെ സഹായി കർണാടക ബൽഗാം സ്വദേശി ദുർഗ്ഗപ്പ എന്ന അനിലിന്റെ മൃതദേഹമാണ് കണ്ടുകിട്ടിയത്.

✪✪✪

തൃശൂർ പുതുക്കാട് ബാർ ജീവനക്കാരൻ കുത്തേറ്റ് മരിച്ചു. എരുമപ്പെട്ടി സ്വദേശി ഹേമചന്ദ്രൻ ആണ് മരിച്ചത് - പ്രതിയായ അളഗപ്പനഗർ സ്വദേശി സിജോ ജോണിനെ പൊലീസ് പിടികൂടി.

✪✪✪

കണ്ണൂർ മുഴപ്പിലങ്ങാട് ബൈക്ക് അപകടത്തിൽ യുവാവ് മരിച്ചു. മുഴപ്പിലങ്ങാട് സ്വദേശി സാരംഗ് മരിച്ചത് ഇന്നലെ അർദ്ധരാത്രി ആയിരുന്നു അപകടം.

✪✪✪

കാസർഗോഡ് ജില്ല നേരിടുന്ന അവഗണനയുടെ ഉത്തരവാദികളെ തിരിച്ചറിയാൻ ജനസമൂഹത്തിന് സാധിക്കണമെന്ന് കാഞ്ഞങ്ങാട്ട് തുണമൂൽ കോൺഗ്രസ്സ് സംസ്ഥാന കൺവീനർ P.V അൻവർ പറഞ്ഞു. ജില്ലാ നേതൃസംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അൻവർ.

✪✪✪

കണ്ണൂർ കൊട്ടിയൂർ - പാൽ ചുരം റോഡിൽ മണ്ണിടിഞ്ഞതിനെ തുടർന്ന് ഗതാഗതം പൂർണമായി നിരോധിച്ചു. വാഹനങ്ങൾ പേരിയ - നിടുംപൊയിൽ ചുരം വഴി പോകേണ്ടതാണെന്ന് ജില്ലാകലക്ടർ അറിയിച്ചു.

ബോയിസ് ടൗൺ റോഡിൽ ചെകുത്താൻ തോടിന് സമീപം മുമ്പ് മണ്ണിടിച്ചിൽ ഉണ്ടായ സ്ഥലത്തു തന്നെയാണ് വീണ്ടും കൂറ്റൻ പാറകൾ ഇടിഞ്ഞു വീണത്.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: സയ്യിദ് അലി ശിഹാബ്*
*NRTs:അനിൽ ചന്ദ്രൻ*
*DEO : സി കെ സുബോധ്*